# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 02, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 21 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 8 പേർക്കും ഇടുക്കി ജില്ലയിൽ നിന്നും 5 പേർക്കും കൊല്ലം ജില്ലയിൽ നിന്നും 2 പേർക്കും തിരുവനന്തപുരം, പത്തനംതിട്ട ,തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് കണ്ണൂർ ജില്ലകളിൽ നിന്ന് ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. തിരുവനന്തപുരം, മലപ്പുറം ജില്ല കളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെ പരിശോധനാഫലം നെഗറ്റീവ് ആയി ട്ടുണ്ട്. രോഗം സ്ഥിരീകരിച്ച 256 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 205 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരള ത്തിലാകമാനം 165934 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 165291 പേർ വീടുകളിലും 643 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 8456 സാമ്പിളുകൾ പരിശോധിച്ചതിൽ 7622 സാമ്പിളുകൾ നെഗറ്റീവ് ആണ്. കൊറോണ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിൻന്തുണ നൽകുന്നതിന് 998 കൗൺസിലർമാരെ സംസ്ഥാനത്താകമാനം നിയോഗിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ സെൻട്രൽ യൂണിവേഴ്സിറ്റി ടെസ്റ്റിംഗിനായി സജ്ജമായിട്ടുണ്ട്. എന്നാൽ അവിടെ ആർഎൻഎ എക്സ്ട്രാറ്ററിന്റെ കുറവുണ്ട്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തന ങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 827419 കേസുകളും 40777 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 1965 കേസുകളും 50 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിലാകമാനം ഇന്ന് 325 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസുകളുടെ മരണ നിരക്ക് റേറ്റ് 0.6 ശതമാനമാണ്. നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശ ങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ലാബുകൾ തിരിച്ച് എത്ര ടെസ്റ്റുകൾ നടത്താൻ സാധിക്കും എന്നും അദ്ദേഹം വിവരിച്ചു. കാസർഗോഡ് ജില്ലയിലെ സെൻട്രൽ യൂണിവേ ഴ്സിറ്റിയിൽ നാളെ മുതൽ ടെസ്റ്റിംഗ് ആരംഭിക്കും. ഇതു കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രതിദിനം 1790 സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ സാധിക്കും. 7 പുതിയ പിസിആർ മെഷീനുകൾ വാങ്ങിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 18 പി സി ആർ മെഷീനുകൾ കെ എം എസ് സി എല്ലിന്റെ സഹായത്തോടെ ഇപ്പോൾ പ്രവർത്തനം ആരംഭിച്ച 10 ലാബുകളിലേക്ക് മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ആശുപത്രികളിൽ കോവിഡ് രോഗികളുടെയും മറ്റ് രോഗങ്ങൾ

ഉള്ളവരുടെയും ഫ്ളോ എങ്ങനെയാകണം എന്നതിനെക്കുറിച്ചുള്ള ഒരു മാർഗ്ഗരേഖയും അവതരിപ്പിച്ചു. ഒ പി സമയം വൈകിട്ട് 6 മണി വരെ ആക്കിയ ആശുപത്രികളുടെ കണക്കും അവതരിപ്പിച്ചു. കോവിഡ് ടെസ്റ്റിംഗിനായി അടിയന്തിര പ്രാധാനമായി 1.20 ലക്ഷം ഡാക്രോൺ സ്വാബുകൾ ഓർഡർ നൽകിയതായി അറിയിച്ചു. പി സി ആർ ടെസ്റ്റ് റീയേജന്റും ഓർഡർ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ 15 ലക്ഷം വ്യക്തിസുരക്ഷാ ഉപകരണങ്ങൾ മാത്രമാണ് വാങ്ങാനായി ഓർഡർ നൽകിയത്. എന്നാൽ കേരളത്തിന് മാത്രം 12 ലക്ഷം വ്യക്തിസുരക്ഷാ ഉപകരണങ്ങൾ ആവശ്യമുണ്ട്. കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 3 ദിവസത്തിനുള്ളിൽ 180 കിടക്കകളുള്ള കോവിഡ് ആശുപത്രി ആക്കി മാറ്റാൻ സാധിക്കും. കേരളത്തിലാകമാനം 1093 ആംബുലൻസുകൾ സജ്ജമാണ്.

## ചീഫ് സെക്രട്ടറി

ചരക്ക് ലോറികളുടെ വരവിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ഇന്ന് 1721 ലോറികൾ മാത്രമാണ് എത്തിയത്. ഓയിൽ പയറുവർഗ്ഗങ്ങൾ എന്നിവയുടെ വരവിലാണ് കുറവ് അനുഭവപ്പെടുന്നത്. നാഫെഡിൽ നിന്ന് പയറുവർഗ്ഗം നാളെയോടെ ട്രെയിനിൽ കയറ്റി വിടുമെന്നാണ് അറിയിച്ചിട്ടുള്ളത്. 35650 ഓളം മുറികൾ ഹോട്ടലുകളിലും 33773 ഓളം മുറികൾ ലോഡ്ജുകളിലും ടൂറിസ്റ്റ് ഹോംമുകളിലും ലഭ്യമാണ്. ഹോസ്റ്റലുകളിൽ 96650 മുറികളും കൂടാതെ ആശുപത്രികളിലുള്ള മുറികൾ കൂടി കൂട്ടിയാൽ ഏകദേശം 2.29 ലക്ഷം മുറികൾ ലഭ്യമാകും. റവന്യൂ ക്യാമ്പുകൾ (സ്കൂളുകൾ, കോളേജുകൾ, ആഡിറ്റോറിയം) 2148 പട്ടിക തയ്യാറാക്കിയിട്ടുണ്ട്. എപ്പിഡമിക്ക് ഡിസീസ് ഓർഡിനൻസ് മുഖാന്തിരം 1663 കേസുകളും രജിസസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏകദേശം 103005 മുറികൾ ലഭ്യമാണ്. 80282 മുറികൾ ഉടനെ തന്നെ ഉപയോഗിക്കാൻ സാധിക്കുന്നതാണ്. വൃദ്ധസദനങ്ങളിൽ ഭക്ഷണം നൽകുന്ന കാര്യം സാമൂഹ്യനീതി വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ലോക്ക് ഡൗൺ പിൻവലിച്ചു കഴിഞ്ഞാൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് കമ്മിറ്റി പരിശോധിക്കുന്നുണ്ട്. വേനൽക്കാലവും മഴയുമായി ബന്ധപ്പെട്ട മറ്റ് രോഗങ്ങളുടെ കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ പ്രധാനമായും ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായവയാണ്. ഇവയെല്ലാം തന്നെ കൊതുക് പരത്തുന്ന രോഗങ്ങളാണ്. ഈ രോഗങ്ങൾ പരത്തുന്നത് ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ്. ഇവ ശുദ്ധജലത്തിലാണ് മുട്ടയിടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലോക്ക് ഡൗൺ ആരംഭിച്ച സമയത്ത് വീടുകളും പരിസരവും വൃത്തിയാക്കണമെന്ന് പറഞ്ഞിരുന്നു. എന്നാൽ കൊതുകുരഹിത വീടുകൾ എന്ന ഒരു മുദ്രാവാക്യം ഇപ്പോൾ ഉയർത്തിപ്പിടിച്ചാൽ കൊതുകിന്റെ സംക്രമണം തടയാവുന്നതാണ്. ഇതിനായി പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി ഇക്കാര്യം ജനങ്ങളോട് പറയണം എന്ന്

അഭിപ്രായപ്പെട്ടു. ഈ കൊതുകുകളുടെ സംക്രമണം തടയുന്നതു വഴി സീക്കാ, യെല്ലോഫീവർ എന്നിങ്ങനെയുള്ള രോഗങ്ങളും തടയാവുന്നതാണ്.

ക്യൂബൻ മരുന്നിന്റെ കാര്യം എന്തായി എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി ഇതിനായി ഡ്രഗ് കൺട്രോളർക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് വിദഗ്ദ്ധസമിതി ചെയർമാൻ അറിയിച്ചു.

റാപ്പിഡ് ടെസ്റ്ററ്റുകളുടെ കാര്യം എന്തായി എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി ഐസിഎംആറിന്റെ പ്രോട്ടോക്കോൾ തയ്യാറായിട്ടുണ്ടെന്ന് വിദഗ്ദ്ധസമിതി ചെയർമാൻ അറിയിച്ചു.

2 ലക്ഷം ടെസ്റ്റ് കിറ്റുകളുടെ ഓർഡർ നൽകിയിട്ടുണ്ടെന്നും ഇതിൽ 20000 മുതൽ 25000 വരെ കിറ്റുകൾ സെന്റിനൽ സർവെയിലൻസിനായി ഉപയോഗിക്കാം. ബാക്കിയുള്ളവ ആരോഗ്യപ്രവർത്തകർ, പോലീസുകാർ, രോഗബാധിതരുമായി അടുത്തിടപഴകിയകർ എന്നിവരുടെ പരിശോധനയ്ക്കായി ഉപയോഗിക്കാമെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇതിനായി ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടെന്നും നാളെ ഇതിന്റെ റിപ്പോർട്ട് നൽകാമെന്നും അദ്ദേഹം അറിയിച്ചു.

## സ്റ്റേറ്റ് പോലീസ് ചീഫ്

കോവിഡ് മരണങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാണ്, എന്നാൽ മറ്റ് രോഗങ്ങൾ മൂലമുള്ള മരണങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇതിനെക്കുറിച്ച് ഒരുപാട് സംശയങ്ങൾ പോലീസ് സ്റ്റേഷനുകളിൽ എത്തുന്നുണ്ടെന്നും അറിയിച്ചു. ഇതിനായി സർക്കാർ ഒരു മാർഗ്ഗനിർദ്ദേശം തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു. ദുരന്തനിവാരണ നിയമ പ്രകാരം കോവിഡുമായി ബന്ധപ്പെട്ട് വരുന്ന വ്യാജവാർത്തകൾക്കെതിരെ കേസുകൾ എടുക്കണമെന്നും അഭിപ്രായപ്പെട്ടു.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

പൂർണ്ണരീതിയിലുള്ള വെന്റിലേറ്ററുകൾ നമുക്കാവശ്യമായ അത്രയും ഉടൻ തന്നെ ലഭ്യമാകുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടും. വിദഗ്ദ്ധസമിതിയുമായി ചർച്ച ചെയ്ത് സ്പെസിഫിക്കേഷൻ അനുസരിച്ച് ഓർഡർ നൽകുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. പ്രധാനമന്ത്രി ഇന്ന് വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. ഇതിൽ സന്നദ്ധപ്രവർത്തകരുടെ കൂട്ടത്തിൽ എൻസിസി, എൻഎസ്എസ് വോളന്റിയർമാരെ കൂടി ഉൾപ്പെടുത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കൂടാതെ അവസാനത്തെ 5 വർഷം പ്രവർത്തിച്ചവരെയും ഇതിൽ ഉൾപ്പെടുത്താം. **(ചുമതല- ബന്ധപ്പെട്ട വിവിധ വകുപ്പുകൾ)**
2. ജില്ലാതലത്തിൽ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പുകൾ വേണമെന്നും എൻ ജി ഒ കളും ഉൾപ്പെടുത്തണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. എന്നാൽ എല്ലാ